# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 13, തിങ്കൾ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

മുഖ്യമന്ത്രി
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

### മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കുവാൻ പദ്ധതികൾ

*301. ശ്രീ.ആർ . സെൽവരാജ്
,, ബെന്നി ബെഹനാൻ
,, ഐ.സി.ബാലകൃഷ്ണൻ
,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിൻെറ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് നൽകുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

### കരിപ്പൂർ വിമാനത്താവളത്തിലെ വെടിവയ്പ്പ്

*302. ശ്രീ.എ. പ്രദീപ്കുമാർ
,, ഇ.പി.ജയരാജൻ
,, പി.ശ്രീരാമകൃഷ്ണൻ
,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ വെടിവയ്പ്പും സംഘർഷവും അനുബന്ധ സംഭവങ്ങളും സംബന്ധിച്ച പോലീസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) വിമാനത്താവളത്തിന്റെയും യാത്രക്കാരുടെയും സുരക്ഷയ്ക്കായി നിലകൊള്ളേണ്ടവർ തമ്മിലുണ്ടായ സംഘർഷത്തിന്റെ കാരണങ്ങൾ എന്തായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) കേന്ദ്രവ്യവസായ സംരക്ഷണ സേനയും എയർപോർട്ട് ജീവനക്കാരും അഗ്നിശമന സേനയും തമ്മിൽ മാസങ്ങളായി നിലനിന്നിരുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാരിന് ഇന്റലിജൻസ് വിഭാഗം നേരത്തെ തന്നെ റിപ്പോർട്ട് നൽകിയിട്ടുണ്ടായിരുന്നോ ; ഇതേത്തുടർന്ന് പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നോ ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് അവഗണിക്കാൻ കാരണമെന്തായിരുന്നു ;

(ഡി) പ്രസ്തുത സംഭവം സംബന്ധിച്ച് സംസ്ഥാന സർക്കാർ വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ ?

<u>കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി</u>

T *303. ശ്രീ.ജി.സുധാകരൻ

,, കോടിയേരി ബാലകൃഷ്ണൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികളിൽ വർഷങ്ങളായി കേസ്സുകൾ തീർപ്പാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) നീതി വൈകുന്നത് മൂലമുണ്ടാകാവുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) വിവിധ തലങ്ങളിൽ അദാലത്തുകളും മറ്റും നടത്തിയാൽ പരിഹരിക്കാൻ കഴിയുന്ന കേസ്സുകൾ വർഷങ്ങളായി കെട്ടികിടക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ഗ്രാമകോടതികൾ സ്ഥാപിക്കുന്നതടക്കം കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; കേസ്സുകൾ തീർപ്പാക്കുന്നത് ത്വരിതപ്പെടുത്താൻ വേണ്ട അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ വീഴ്ച വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

<u>സ്വതന്ത്ര വിജിലൻസ് സംവിധാനം</u>

*304. ഡോ.കെ.ടി.ജലീൽ

ശ്രീ.എ.കെ.ബാലൻ

,, കെ.സുരേഷ് കുറുപ്പ്

,, കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് സംവിധാനത്തെ സ്വതന്ത്ര അധികാരത്തോടെ പരിഷ്കരിക്കാൻ കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇൗ സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ ഹൈക്കോടതി അമിക്കസ് ക്യൂറിയെ നിയോഗിച്ചിട്ടുള്ളതായി അറിയാമോ; ഇക്കാര്യത്തിൽ വിജിലൻസ് ഡയറക്ടറുടെ അഭിപ്രായം കോടതി ആരായുകയുണ്ടായോ;

(സി) വിജിലൻസ് ശരിയായ നിലയിലും സ്വതന്ത്രമായും പ്രവർത്തിക്കാൻ സാധിക്കാത്തതിനാൽ സാധാരണക്കാരന് നീതി ലഭിക്കുന്നില്ലെന്ന് കോടതി നിരീക്ഷിക്കാനിടയായ സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ;

(ഡി) കോടതി നിർദ്ദേശത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ?

<u>പിടിച്ചെടുത്തതും ഉപേക്ഷിച്ച നിലയിൽ കണ്ടെടുത്തതുമായ വാഹനങ്ങൾ</u>

*305. ശ്രീ.പി.ഉബൈദുള്ള

,, കെ.എൻ.എ.ഖാദർ

,, സി.മമ്മൂട്ടി

,, സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തതും ഉപേക്ഷിച്ച നിലയിൽ കണ്ടെടുത്തതും ഉപയോഗയോഗ്യമല്ലാതായിത്തീർന്നതുമായ പോലീസിന്റെ അധീനതയിലുള്ള വിവിധതരം വാഹനങ്ങൾ ലേലം ചെയ്യാൻ മെറ്റൽ സ്ക്രാപ് ട്രേഡിംഗ് കോർപ്പറേഷനെ ഏല്പിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി സ്ക്രാപ് ഡമ്പിംഗ് കേന്ദ്രങ്ങൾ ഉണ്ടാക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(സി) എക്സൈസ്, വനം തുടങ്ങിയ വകുപ്പുകൾ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങളെ പ്രസ്തുത സംവിധാനം വഴി ഡിസ്പോസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് നിർദ്ദേശം നല്കിയിട്ടുണ്ടോ ?

<u>മറൈൻ ആംബുലൻസ് ബോട്ട് .</u>

*306. ശ്രീമതി.ഗീതാ ഗോപി

ശ്രീ.വി.എസ്.സുനിൽ കുമാർ

,, ഇ.കെ.വിജയൻ

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ് പദ്ധതി ആരംഭിക്കാനുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) അത്യാധുനിക മറൈൻ ആംബുലൻസ് ബോട്ട് വാങ്ങുന്നതിന് എത്ര തുക അനുവദിച്ചു; എത്ര ബോട്ടുകൾ വാങ്ങി;

(സി) ഇത്തരം ആംബുലൻസ് ബോട്ടുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## സർക്കാരിന്റെ സമയബന്ധിത പദ്ധതികൾ

*307. ശ്രീ.എ.എ.അസീസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ശേഷിക്കുന്ന കാലയളവിൽ നടപ്പിലാക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള സമയബന്ധിത പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ മേഖലകളുടെ വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ?

## എയർ കേരള വിമാന സർവ്വീസ്

*308. ശ്രീ.ജി.എസ്.ജയലാൽ

,, സി.ദിവാകരൻ

,, കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ കേരള വിമാന സർവ്വീസ് തുടങ്ങാനുള്ള ലൈസൻസിന് കേരളം ഔദ്യോഗികമായി വ്യോമയാന മന്ത്രാലയത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) വിമാന സർവ്വീസ് തുടങ്ങുന്നതിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ എന്തെല്ലാം ; ഈ വ്യവസ്ഥകളിൽ എന്തെങ്കിലും ഇളവുകൾ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയിൽ സർക്കാർ ഓഹരി എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

## വിഴിഞ്ഞം ഇ.പി.സി. ടെണ്ടർ നടപടികൾ

*309. ശ്രീ.എ.എം. ആരിഫ്

,, കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, കെ.കെ.നാരായണൻ

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇ.പി.സി. ടെണ്ടർ ക്ഷണിച്ചതിനുശേഷം ആർ.എഫ്.ക്യൂ (Request for Qualification)യിൽ ഏതെല്ലാം ഘട്ടങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായിട്ടുണ്ട്;

(ബി) ഓരോ ഘട്ടത്തിലും വരുത്തിയ മാറ്റങ്ങളും അതിനുള്ള കാരണങ്ങളും വിശദമാക്കാമോ; ആരുടെ ആവശ്യപ്രകാരമായിരുന്നു ഈ മാറ്റങ്ങൾ എന്നറിയിക്കുമോ;

(സി) ലീസ് എഗ്രിമെന്റിനു പകരം ലൈസൻസ് എഗ്രിമെന്റ് മതി എന്ന് തീരുമാനിച്ചത് ആരുടെ ശിപാർശയിന്മേലാണ്, എപ്പോഴായിരുന്നു; ലൈസൻസ് എഗ്രിമെന്റ് വഴി എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ;

(ഡി) ലൈസൻസ് എഗ്രിമെന്റ് കാലാവധി തീരുന്നത് ഏത് തീയതിയിലായിരിക്കും; അന്നുമുതൽ പദ്ധതി നടത്തിപ്പ് പൂർണ്ണമായും സംസ്ഥാനത്തിനു നിക്ഷിപ്തമാകുമോ; അതു സംബന്ധമായ

കരാറിലെ വ്യവസ്ഥകൾ വിശദമാക്കാമോ?

<u>സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം</u>

*310. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, കെ.എം.ഷാജി

,, പി.കെ.ബഷീർ

,, എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനത്തെക്കുറിച്ചും സൗകര്യങ്ങളെക്കുറിച്ചും വിദ്യാർത്ഥികളുടെ ശാരീരിക, മാനസിക സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ചും പരിശോധിക്കാൻ നിലവിലുള്ള സംവിധാനത്തെക്കുറിച്ച് വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദവിവരം നൽകാമോ ;

(സി) കടുത്ത മത്സര സാഹചര്യങ്ങളും സഹവിദ്യാർത്ഥികളിൽ നിന്നും അധ്യാപകരിൽ നിന്നുമുള്ള പെരുമാറ്റവും കുട്ടികളിൽ മാനസിക സമ്മർദ്ദമുണ്ടാക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനുള്ള പ്രായോഗിക നടപടികളെക്കുറിച്ച് ആലോചിക്കുമോ?

<u>തുറമുഖ പദ്ധതികൾ പൊതുമേഖലയിൽ</u>

*311. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, എം.എ.ബേബി

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.എളമരം കരീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ തുറമുഖ പദ്ധതികൾ പൊതുമേഖലയിൽ മാത്രമായിരിക്കണമെന്ന പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; രാജ്യത്തെ മുഴുവൻ തുറമുഖ പദ്ധതികളെയും സംബന്ധിച്ച് പഠിച്ചതിനുശേഷമാണ് ഇത്തരമൊരു തീരുമാനം കമ്മിറ്റി എടുത്തിട്ടുള്ളതെന്നറിയാമോ ;

(ബി) സംസ്ഥാനത്ത് പുതിയ തുറമുഖ പദ്ധതികളുടെ കാര്യത്തിൽ ഇത് ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) വിഴിഞ്ഞം പദ്ധതി പൊതുമേഖലയ്ക്ക് നൽകണമെന്ന നിലപാടാണ് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സംസ്ഥാനത്ത് നിന്നുള്ള പ്രമുഖ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ എടുത്തതെന്ന കാര്യം അറിയാമോ ?

<u>ദേശീയ പോലീസ് കമ്മീഷൻ റിപ്പോർട്ടും സുപ്രീം കോടതി വിധിയും</u>

*312. ശ്രീ.ചിററയം ഗോപകുമാർ

,, വി.എസ്.സുനിൽ കുമാർ

,, മുല്ലക്കര രത്നാകരൻ

,, ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പോലീസ് കമ്മീഷന്റെ ഏഴാമത് റിപ്പോർട്ടിലെ ശുപാർശകൾ എല്ലാ സംസ്ഥാനങ്ങളും നടപ്പാക്കണമെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

<u>വകുപ്പുകളുടെ ഏകോപനത്തിന് ഉന്നതതല സമിതി</u>

*313. ശ്രീ.എം.എ. വാഹീദ്

,, ബെന്നി ബെഹനാൻ

,, കെ.ശിവദാസൻ നായർ

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പുകളുടെ ഏകോപനത്തിന് ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) സർക്കാരിന്റെ വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ വകുപ്പുകൾ തമ്മിൽ തർക്കമുണ്ടായാൽ അവ പരിഹിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

<u>പി.എസ്.സി യിൽ ജീവനക്കാരുടെ ലഭ്യത</u>

*314. ശ്രീ.റ്റി.യു. കുരുവിള

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ നിയമനങ്ങൾ നടത്തൽ , നിയമന വെരിഫിക്കേഷൻ , യൂണിഫോമ്ഡ് ഫോഴ്സിലേക്ക് വർഷാ വർഷം പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കൽ ഉൾപ്പെടെയുള്ള അധിക ജോലികൾ പി.എസ്.സി യ്ക്ക് ചെയ്യേണ്ടി വരുമ്പോൾ അതിനനുസൃതമായി ജീവനക്കാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ജീവനക്കാരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ആവശ്യത്തിന് ജീവനക്കാരെയും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുമോ ; വിശദാംശം നൽകുമോ?

## സാഫ് ഗെയിംസ് കേരളത്തിൽ.

*315. ശ്രീ.സാജു പോൾ

,, വി.ശിവൻകുട്ടി

,, വി.ചെന്താമരാക്ഷൻ

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഫ് ഗെയിംസിന് കേരളം വേദിയാകുമോ; സാഫ് ഗെയിംസ് അധികൃതരിൽ നിന്നും ഇക്കാര്യത്തിൽ ലഭിച്ച ഉറപ്പും കായിക മന്ത്രാലയം നടത്തിയ തയ്യാറെടുപ്പുകളും സംബന്ധിച്ച് വിശദമാക്കാമോ; ഏതൊക്കെ തീയതികളിലാണ് സാഫ് ഗെയിംസ് നടത്താനുദ്ദേശിക്കുന്നത്; ഇതിനായുള്ള ചെലവുകൾ വഹിക്കുന്നത് ആരായിരിക്കും;

(ബി) കഴക്കൂട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സാഫ് ഗെയിംസ് വേദി സംസ്ഥാനത്തിന് നഷ്ടപ്പെടുത്താനിടയുണ്ടോ?

## വിഴിഞ്ഞം തുറമുഖ പദ്ധതി

*316. ഡോ.ടി.എം.തോമസ് ഐസക്

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ലാന്റ് ലോർഡ് മോഡലിൽ വിഴിഞ്ഞം തുറമുഖ പദ്ധതി വികസിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിരുന്നുവോ; വിശദമാക്കാമോ;

(ബി) പദ്ധതി പൂർണ്ണതോതിൽ സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലായിരുന്നുവെങ്കിൽ വരുമാനവും ലാഭവും പൂർണ്ണമായും സർക്കാരിൽ വന്നു ചേരുമായിരുന്നില്ലേ; സർക്കാർ ഉടമസ്ഥതയിൽ പദ്ധതി നടപ്പിലാക്കാനാവശ്യമായ തുക ബാങ്കുകളുടെ കൺസോർഷ്യം വഴി സമാഹരിക്കുന്നതിനായി ബാങ്കുകൾ സന്നദ്ധത അറിയിച്ചിട്ടുണ്ടായിരുന്നുവോ;

(സി) സർക്കാർ ഉടമസ്ഥതയിൽ തുറമുഖം വികസിപ്പിക്കാനും അതിന്റെ ടെർമിനൽ ഉൾപ്പെടുന്ന പ്രവർത്തനത്തിൽ മാത്രം പി.പി.പി. മോഡലിൽ പങ്കാളിയെ കണ്ടെത്താനും പരിശ്രമം നടത്തുകയുണ്ടായോ; പദ്ധതി പി.പി.പി. മോഡലിലേക്ക് മാറ്റാനും, അദാനി മാത്രം പങ്കെടുത്ത ബിഡിൽ തീരുമാനം എടുക്കാനും, ഇതിനു മുമ്പ് അദാനിയുമായി ചർച്ച നടത്താൻ മുഖ്യമന്ത്രി ധൃതി കാണിക്കുകയും ചെയ്തു പശ്ചാത്തലം എന്തായിരുന്നു; ടെണ്ടറിൽ ക്വാട്ട് ചെയ്ത ഒരു സ്വകാര്യ സ്ഥാപനവുമായി അന്തിമ തീരുമാനം എടുക്കേണ്ടുന്നവർ തന്നെ ചർച്ചയിൽ ഏർപ്പെടുന്നത് നിയമാനുസൃതമായിരുന്നുവോ;

(ഡി) സർക്കാർ അംഗീകരിച്ച അദാനി പോർട്ട്സിന്റെ ബിഡ് രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ലോകത്ത് ഒരു സ്ഥലത്തിനുമില്ലാത്ത സവിശേഷത പ്രകൃതിദത്തമായ വിഴിഞ്ഞത്തിനുണ്ടെന്നിരിക്കെ, അദാനിയുടെ ബിഡ്, അവസാനത്തെ അവസരമാണെന്ന

നിലപാട് സ്വീകരിച്ചതെന്തുകൊണ്ട്?

<u>എക്സൈസ് വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം</u>

*317. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, ഷാഫി പറമ്പിൽ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് കമ്പ്യൂട്ടർവത്ക്കരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിന് റെയ്ഞ്ച്, ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് പുതിയ കമ്പ്യൂട്ടർ നെറ്റ് വർക്ക് സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>അപകടരഹിത സംസ്ഥാനം</u>

*318. ശ്രീ.അൻവർ സാദത്ത്

,, ബെന്നി ബെഹനാൻ

,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ അപകടരഹിത സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത് ;

(സി) ഏതെല്ലാം വകുപ്പുകളുടെ സഹായമാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത് ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

<u>സംവരണത്തോത് വർദ്ധിപ്പിക്കൽ</u>

T *319. ശ്രീ.ബി.സത്യൻ

,, കെ.രാധാകൃഷ്ണൻ

,, പുരുഷൻ കടലുണ്ടി

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമന സംവരണത്തോത് വർദ്ധിപ്പിക്കാൻ ദേശീയ പട്ടികജാതി കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) കമ്മീഷന്റെ ശിപാർശയുടെ വിശദവിവരം അറിയിക്കാമോ ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(സി) നിലവിലുള്ള സംവരണത്തോത് ജനസംഖ്യാനുപാതികമാണോ ; വ്യക്തമാക്കാമോ?

ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ

*320. ശ്രീ.ഇ.ചന്ദ്രശേഖരൻ

,, വി.ശശി

,, മുല്ലക്കര രത്നാകരൻ

,, ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ ഏതെല്ലാം ;

(ബി) ആദിവാസികളുടെ സഹകരണ സംഘങ്ങൾക്ക് വനവിഭവങ്ങൾ ശേഖരിച്ചു വിൽക്കാൻ അനുമതി നിഷേധിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

റിംഗ്സിൻ വല ഉപയോഗിച്ചുള്ള മത്സ്യ ബന്ധനം

*321. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിംഗ്സിൻ വല (താങ്ങുവല) ഉപയോഗിച്ച് കടലിലെ പൊടിമീനടക്കം കോരിയെടുത്ത് മത്സ്യ സമ്പത്തിന് വൻ ഭീഷണി ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഒഴുക്കുവല ഉപയോഗിക്കുമ്പോൾ 500 കുതിരശക്തിയുള്ള എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളിലുള്ള തൊഴിലാളികൾ അടക്കം കൊല്ലിവലകൾ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) റിംഗ്സിൻ വല കോരിയെടുക്കുന്നവയിൽ ആവശ്യമില്ലാത്തത് കടലിൽ തള്ളുന്നതിനാൽ, ചത്ത മീൻ തിന്നാനെത്തുന്ന കടൽമാക്രി , വല കടിച്ചുമുറിക്കുന്നതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വല നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്തു പരിഹാരമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

*322. ശ്രീ.പി.സി വിഷ്ണുനാഥ്

,, കെ.മുരളീധരൻ

,, ഹൈബി ഈഡൻ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് സെക്ഷനുകളിൽ കയറിയിറങ്ങിയുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങൾ</u>

*323. ശ്രീ.പുരുഷൻ കടലുണ്ടി

,, സി.കെ സദാശിവൻ

,, കെ.വി.വിജയദാസ്

ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറ്റകൃത്യം ചെയ്തവർക്കെതിരെയുള്ള കേസുകളിൽ നിയമപ്രകാരമുള്ള അധികാരം പ്രയോഗിക്കേണ്ടവരെ അതിൽ നിന്നും തടയുന്നതായ സംഭവങ്ങൾ ആവർത്തിച്ചുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു മൂലം കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ത്രീകൾക്കെതിരായി കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ടവരെ രക്ഷപ്പെടുത്തുവാൻ സഹായിക്കുകയോ ആശ്രയം നൽകുകയോ ചെയ്തതായുള്ള കേസുകൾ ഉണ്ടായിട്ടുണ്ടോ; ഇത്തരക്കാർക്കുള്ള ശിക്ഷ എന്താണെന്ന് വിശദമാക്കാമോ?

<u>പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ</u>

*324. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തൊഴിലന്വേഷകർക്ക് എത്രയും വേഗം ജോലി നല്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ?

<u>ജനമൈത്രി പോലീസ്</u>

*325. ശ്രീ.സി.ദിവാകരൻ

,, കെ.അജിത്

,, കെ.രാജു

ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനമൈത്രി പോലീസ് സംവിധാനം ആരംഭിച്ചത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) ജനമൈത്രി പോലീസ് സംവിധാനത്തെക്കുറിച്ച് മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ജനമൈത്രി പോലീസ് സംവിധാനത്തെക്കുറിച്ച് 2013-ൽ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ജനമൈത്രിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ കുറഞ്ഞുവരുന്നതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

<u>സൈ്മൽ പദ്ധതി</u>

*326. ശ്രീ.വി.റ്റി.ബൽറാം

,, കെ.അച്ചുതൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈ്മൽ പദ്ധതിയ്ക്ക് ഉടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) റോഡപകടങ്ങളിൽപെടുന്നവർക്ക് പ്രഥമ ശുശ്രൂഷയും അടിയന്തര വൈദ്യസഹായവും ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

<u>ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം</u>

*327. ശ്രീ.കെ.രാജു

,, പി.തിലോത്തമൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീനിയോറിറ്റിക്കു പകരം പെർഫോർമൻസ് പരിഗണിച്ച് സർക്കാർ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ഉദ്യോഗസ്ഥരുടെ മികവും കാര്യപ്രാപ്തിയും വിലയിരുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി -പാഴ്സൽ കൊറിയർ സർവ്വീസുകൾ

*328. ശ്രീ.കെ.ശിവദാസൻ നായർ

,, അൻവർ സാദത്ത്

,, ടി.എൻ. പ്രതാപൻ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പാഴ്സൽ കൊറിയർ സർവ്വീസുകൾ തുടങ്ങുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മോട്ടോർ വാഹനവകുപ്പിലെ ഹെൽപ്പ് ലൈൻ സംവിധാനം

*329. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, കെ.മുരളീധരൻ

,, ഹൈബി ഈഡൻ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രയ്ക്കിടയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാർത്ഥികൾക്കും വയോജനങ്ങൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളും കുറ്റകൃത്യങ്ങളും തടയാൻ മോട്ടോർ വാഹനവകുപ്പ് ഹെൽപ്പ് ലൈൻ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഹെൽപ്പ് ലൈനിന്റെ പ്രവർത്തന രീതി വിശദമാക്കാമോ ;

(സി) ഹെൽപ്പ് ലൈൻ വഴി നൽകുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ സ്വീകരിച്ചിട്ടുള്ള സംവിധാനം എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

*330. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ ഭരണതലത്തിൽ നടത്തിയിട്ടുണ്ട്?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
04-07-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.